

# അഗതി കുടുംബങ്ങൾക്ക് പ്രത്യേക കരുതലും കൈത്താങ്ങും

അഗതിരഹിത കേരളം പദ്ധതി പ്രകാരം കേരളത്തിലുള്ള അഗതി കുടുംബാംഗങ്ങളെ സർവ്വേ പ്രകാരം കുടുംബശ്രീ കണ്ടെത്തുകയും അവർക്കുള്ള വിവിധ സേവനങ്ങൾ തദ്ദേശ സ്ഥാപനങ്ങളുടെ സംയോജനത്തോടെ ചെയ്യുകയും ചെയ്യുന്നു. കോവിഡ്- 19 എന്ന മഹാമാരി പടരുന്ന ഈ കാലത്ത് അഗതി കുടുംബങ്ങൾക്ക് പ്രത്യേക കരുതൽ നൽകണമെന്ന ചിന്തയിൽ നിന്ന് ഞങ്ങൾ പുതിയ ഒരു ആശയം ആവിഷ്ക്കരിച്ചു. കേരളത്തിൽ 1,57,691 അഗതി കുടുംബങ്ങൾ ഉള്ളതിൽ 1,22,920 കുടുംബങ്ങളിൽ 60 വയസ്സിന് മുകളിൽ പ്രായമുള്ള അംഗങ്ങളുണ്ട്. രോഗ പ്രതിരോധശേഷി കുറഞ്ഞതിനാലും മറ്റ് അസുഖങ്ങളുള്ളതിനാലും വയോജനങ്ങൾക്ക് കൂടുതലായി കൊറോണ വൈറസ് ബാധയേൽക്കാൻ സാധ്യതയുണ്ട്. അതിനാൽ തന്നെ അഗതികുടുംബങ്ങളിലെ വയോജനങ്ങൾക്ക് വേണ്ടി പ്രത്യേക പദ്ധതി നടപ്പാക്കാൻ ഞങ്ങൾ തീരുമാനിക്കുകയായിരുന്നു.

60 വയസ്സിന് മേൽ പ്രായമുള്ളവരുൾപ്പെടുന്ന അഗതികുടുംബങ്ങളുടെ എണ്ണം ഓരോ ജില്ലയിലും താഴെ പറയുന്ന പ്രകാരമാണ്.

1. തിരുവനന്തപുരം 12,403
2. കൊല്ലം 10,230
3. പത്തനംതിട്ട 6742

4. ആലപ്പുഴ 10,691
5. കോട്ടയം 8945
6. ഇടുക്കി 5865
7. എറണാകുളം 14,247
8. തൃശ്ശൂർ 9919
9. പാലക്കാട് 14,684
10. കോഴിക്കോട് 7416
11. മലപ്പുറം 9960
12. വയനാട് 4690
13. കണ്ണൂർ 4008
14. കാസർഗോഡ് 3120

അഗതികുടുംബങ്ങളെ ലക്ഷ്യമിട്ടുള്ള പദ്ധതി 14 ജില്ലകളിലും ഏകോപിപ്പിക്കുന്നതിനായി ജില്ലാ പ്രോഗ്രാം മാനേജർമാരെ നിയോഗിച്ചു. ഇവർക്ക് കീഴിൽ ഓരോ 50 കുടുംബത്തിനും ഒരാൾ എന്ന രീതിയിൽ റിസോഴ്സ് പേഴ്സൺമാരെയും തെരഞ്ഞെടുത്തു. കേരളത്തിൽ ആകെ 2500 റിസോഴ്സ് പേഴ്സൺമാരാണ് ഇപ്പോൾ തെരഞ്ഞെടുക്കപ്പെട്ടിട്ടുള്ളത്. ഈ റിസോഴ്സ് പേഴ്സൺമാർ അഗതികുടുംബങ്ങളിലുള്ളവരെ മൂന്ന് ദിവസത്തിലൊരിക്കൽ ഫോൺ വിളിക്കുകയും അവർക്ക് വേണ്ട സഹായങ്ങൾ അന്വേഷിച്ചറിയുകയും അവ നിറവേറ്റി നൽകുകയും ചെയ്യുകയെന്നതാണ് ഇപ്പോൾ പ്രാവർത്തികമാക്കുന്ന ആശയം.

ഓരോ റിസോഴ്സ് പേഴ്സണും ഇത്തരത്തിൽ മൂന്ന് ദിവസം കൂടുമ്പോൾ തങ്ങൾക്കായി ചുമതലപ്പെടുത്തിയിട്ടുള്ള 50 അഗതി കുടുംബങ്ങളെ വിളിക്കും. അവരുടെ ആരോഗ്യകാര്യങ്ങളും ഭക്ഷണം ഉൾപ്പെടെയുള്ള ആവശ്യങ്ങളും അന്വേഷിച്ച് അറിയും. പനി, ചുമ തുടങ്ങിയ ബുദ്ധിമുട്ടുകളുണ്ടെങ്കിൽ കാത്തിരിക്കാതെ ഡോക്ടറുടെ സേവനം തേടാൻ ആവശ്യപ്പെടുകയും ഇതിന് വേണ്ട സഹായങ്ങൾ ചെയ്ത് കൊടുക്കുന്നത് ഏകോപിപ്പിക്കുകയും ചെയ്യും. ഭക്ഷണത്തിന് ബുദ്ധിമുട്ടുണ്ടെങ്കിൽ അതാത് തദ്ദേശ സ്ഥാപനങ്ങളുമായി ചേർന്ന് കമ്മ്യൂണിറ്റി കിച്ചണുകൾ വഴി അതിന് പരിഹാരം കാണും. പ്രായമായവർ പ്രത്യേകമായി കൈക്കൊള്ളേണ്ട കരുതലിനെക്കുറിച്ചും വീട്ടിൽത്തന്നെയിരിക്കേണ്ടതിന്റെ ആവശ്യകതയെക്കുറിച്ചും കുടുംബങ്ങൾക്ക് പ്രത്യേക ബോധവത്ക്കരണം നൽകും. ഓരോ കുടുംബത്തിനും നേരിട്ട് കരുതൽ നൽകാൻ കുടുംബശ്രീ എപ്പോഴും കൂടെയുണ്ട് എന്ന സന്ദേശം പകർന്ന് ആത്മവിശ്വാസം നൽകുകയെന്നുള്ളതാണ് പദ്ധതിയുടെ ലക്ഷ്യം.

ഇന്നലെ (04/04/2020) പ്രവർത്തനം ആരംഭിച്ച ഈ പദ്ധതി വഴി അഗതി കുടുംബങ്ങളെ ആദ്യത്തെ തവണ ഫോൺ വഴി ബന്ധപ്പെടുന്നതിനുള്ള നടപടികൾ തുടരുകയാണ്. 6264 കുടുംബങ്ങളുമായി റിസോഴ്സ് പേഴ്സൺമാർ ആദ്യദിനം നേരിട്ട് ബന്ധപ്പെട്ട് കഴിഞ്ഞു. ആരോഗ്യവകുപ്പും തദ്ദേശ സ്വയംഭരണ വകുപ്പുമായി ബന്ധപ്പെടുത്തി, യഥാസമയം വേണ്ട നടപടികൾ കൈക്കൊണ്ട് ഇവർക്കാവശ്യമുള്ള സേവനം നൽകുകയെന്നതാണ് പദ്ധതിയുടെ ലക്ഷ്യം. കോവിഡ്-19 രോഗം പടരുന്ന ഈ പ്രതിസന്ധികാലഘട്ടത്തിൽ ഏറ്റവും അർഹരായവർക്ക് തുണയായി കുടുംബശ്രീ എപ്പോഴുമുണ്ടെന്ന ബോധ്യം ഊട്ടി ഉറപ്പിക്കുന്ന പദ്ധതികളിലൊന്നാണിത്.